

വോട്ടെണ്ണൽ ദിനത്തിൽ ജില്ലയിൽ കർശന നിയന്ത്രണങ്ങളുമായി റൂറൽ പോലിസ്. ക്രമസമാധാന പാലനത്തിന് 1850 ഓളം പോലിസുദ്യോഗസ്ഥരേയും, കേന്ദ്രസേനയെയും നിയോഗിച്ചിട്ടുണ്ടെന്ന് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്ക് പറഞ്ഞു. കൂടാതെ അഞ്ച് സബ്ഡിവിഷനിലും പ്രത്യേക പട്രോളിംഗ് സംഘങ്ങളുണ്ടാകും. മഫ്തിയിലും പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ഒരുതരത്തിലുള്ള ആഹ്ലാദ പ്രകടനമോ, കൂടിച്ചേരലോ അനുവദിക്കില്ല. വോട്ടെണ്ണൽ കേന്ദ്രം പോലീസിൻറെ സുരക്ഷാവലയത്തിലാണ്. 500 ഓളം പോലീസുദ്യോഗസ്ഥർ കേന്ദ്രത്തിലുണ്ടാകും. ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്ക് വോട്ടെണ്ണൽ കേന്ദ്രങ്ങളിലെത്തി അവസാന വട്ട സുരക്ഷാ ക്രമികരണങ്ങൾ പരിശോധിച്ചു, ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.